(സി) കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഡി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് രൂപകൽപ്പന ചെയ്തുകൊണ്ടിരിക്കുന്നതേയുള്ളൂ. അതുകൊണ്ട് ഈ സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുകയില്ല.

സി.എ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയുടെ നിർമ്മാണ പുരോഗതി

75 [1761] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ നിർമ്മാണത്തിലിരിക്കുന്ന സി.എ.ആർ.ഡബ്ല്യു.എസ്.എസ്. പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) റിവോൾവിംഗ് ഫണ്ടിനായി ഗുണഭോക്തൃ പഞ്ചായത്തുകൾ നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത ശുദ്ധജലവിതരണ പദ്ധതി ഉടനെ പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ മണ്ഡലത്തിൽ രണ്ട് പദ്ധതികൾ നിർമ്മാണത്തിലുണ്ട്. ഭരണിക്കാവും സമീപ വില്ലേജുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, ചെന്നിത്തല, തൃപ്പെരുംതറ, മാന്നാർ, കുറ്റിശ്ശേരി എന്നീ വില്ലേജുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. ഈ രണ്ട് പദ്ധതികളുടേയും പൊതുഘടകങ്ങളാണ് കിണറും, പമ്പ് ഹൗസും, ജലശുദ്ധീകരണശാലയും, റോ വാട്ടർ പമ്പിംഗ് മെയിനും. ഇതിൽ കിണറിന്റേയും പമ്പ് ഹൗസിന്റേയും പണി പൂർത്തിയായിട്ടുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പണി പുരോഗമിച്ചുവരുന്നു. ചെന്നിത്തലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ജലശുദ്ധീകരണശാലയുടേയും കുറത്തിക്കാട്, തൃപ്പെരുംതറ എന്നിവിടങ്ങളിലെ ഉന്നതതല സംഭരണികളുടേയും പണികൾ ടെണ്ടർ ചെയ്ത് അവ പരിശോധിച്ചുവരുന്നു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ രണ്ട് റീച്ചുകൾ പൂർത്തിയായിട്ടുണ്ട്. ബാക്കി രണ്ട് റീച്ചിന്റേയും തൃപ്പെരുംതറ ഉന്നതതല സംഭരണിയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റേയും പണികൾ പൈപ്പ് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിവോൾവിംഗ് ഫണ്ടിനായി പഞ്ചായത്തുകളിൽ നിന്നും ലഭിച്ച അപേക്ഷകൾ റിവോൾവിംഗ് ഫണ്ട് സാങ്ഷനിംഗ് കമ്മിറ്റിയിൽ വയ്ക്കുന്നതിനു നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുകയും, പൈപ്പുകൾ ലഭ്യമാകുകയും കരാറുകൾ നൽകുകയും ചെയ്യുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

മലരിയ്ക്കൽ ഫിഷർമെൻ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി

76 [1762] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ തിരുവാർപ്പ് പഞ്ചായത്തിൽപ്പെട്ട മലരിയ്ക്കൽ ഫിഷർമെൻ കോളനിയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൽ.ഐ.സി. ധനസഹായത്തിന് അനുമതി ലഭിച്ചിട്ടുള്ള കുമരകം, തിരുവാർപ്പ് ശുദ്ധജലവിതരണ പദ്ധതിയിൽ ഈ മേഖലയെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ പണി പൂർത്തിയാകുന്നതോടെ പ്രസ്തുത കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കരുനാഗപ്പള്ളി, ആലപ്പാട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം

77 [1763] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കരുനാഗപ്പള്ളി, ആലപ്പാട് പഞ്ചായത്തുകളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly